"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: IT/17518/2017

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ
തിരുവനന്തപുരം
e-mail:swdkerala@gmail.com
www.kerala.gov.in, Ph:0471 2306040
തീയതി : 03/06/2017

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും

സർ,

വിഷയം : സാ:നീ:വ-ഇ-ഗവേണൻസ് ട്രെയിനിംഗ് -Virtual IT Cadre-ജീവനക്കാരുടെ ലിസ്റ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന : ഐ.റ്റി മിഷന്റെ ഡി.ഒ ലെറ്റർ നം. DDFS/78/2015/KSITM/95, Dt. 16-02-2017

ഇ-ഗവേണൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് Virtual IT Cadre ഓരോ വകുപ്പിലും രൂപീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ 10 ദിവസത്തെ പരിശീലന പരിപാടി ടെക്നോപാർക്കിലെ IIITM-K ൽ വച്ച് നടത്തുന്നു. ടി പരിശീലന പരിപാടിയിൽ വകുപ്പിലെ 30 ജീവനക്കാരെ നിയോഗിക്കേണ്ടതായിട്ടുണ്ട്. ഇ-ഗവേണൻസ് പ്രോജക്ട് തയ്യാറാക്കുന്നതിൽ വൈദഗ്ദ്യമുള്ളതും, കമ്പ്യൂട്ടർ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് പരിചയമുള്ളവരുമായ ഹെഡ്അക്കൗണ്ടന്റ് തസ്തികയിലും അതിനുമുകളിലുള്ളതുമായ മുതലുള്ള മിനിസ്റ്റീരിയൽ ജീവനക്കാർക്ക് മാത്രമെ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു. (പി.ജി.ഡി.സി.എ, ബി-ടെക്, മറ്റ് കമ്പ്യൂട്ടർ കോഴ്സുകൾ പാസ്സായവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.)

മേൽ സൂചിപ്പിച്ച മാനദണ്ഡങ്ങളനുസരിച്ച് ടി ട്രെയിനിംഗിൽ പങ്കെടുക്കുവാൻ **താൽപ്പര്യമുള്ള ജീവനക്കാരുടെ** വിവരങ്ങൾ കീഴ്ക്കാര്യാലയങ്ങളിൽ നിന്നും സ്വീകരിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ അതാത് ജില്ലാ സാമൂഹ്യനീതി ആഫീസർമാർ 2017 ജൂൺ 6 നകം ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ഒരു കോപ്പി swdkerala@gmail.com എന്ന അഡ്രസ്സിൽ മെയിൽ ചെയ്യേണ്ടതുമാണ്. അടിയന്തിര പ്രാധാന്യമുള്ള വിഷയമായതിനാൽ സമയബന്ധിതമായിത്തന്നെ മറുപടി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

ജില്ല :

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, തസ്തിക, മൊബൈൽ നമ്പർ | കാര്യാലയം | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| (1) | (2) | (3) | (4) |
| | | | |
| | | | |
| | | | |
| | | | |
| | | | |

( ഒപ്പ് )
ജില്ലാ സാമൂഹ്യനീതി ആഫീസർ